പതിമൂന്നാം കേരള നിയമസഭ
ബിൽ നമ്പർ 156

# 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 156

# 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ

2192/2012.

# 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ

1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി മൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 8സി എന്ന പുതിയ വകുപ്പ് ചേർക്കൽ.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിലെ (1951-ലെ XIV) 8ബി വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"8സി. പുസ്തകങ്ങൾ വിലയ്ക്കുവാങ്ങലുമായി ബന്ധപ്പെട്ട് വഹിച്ച തുക മടക്കിക്കൊടുക്കൽ.—ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി, സ്പീക്കറും, ഡെപ്യൂട്ടി സ്പീക്കറും, പ്രതിപക്ഷ നേതാവും, ചീഫ് വിപ്പും, മന്ത്രിമാരും ഉൾപ്പെടെയുള്ള നിയമസഭയിലെ ഓരോ അംഗത്തിനും ഓരോ സാമ്പത്തിക വർഷവും പുസ്തകങ്ങൾ വാങ്ങലുമായി ബന്ധപ്പെട്ട് വഹിച്ച ചെലവ് പരമാവധി പതിനയ്യായിരം രൂപവരെ മടക്കി കിട്ടുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

8-6-2012-ൽ വിളിച്ചുകൂട്ടിയ പാർലമെന്ററി പാർട്ടി നേതാക്കളുടെ യോഗ തീരുമാന പ്രകാരം, സ്പീക്കറും, ഡെപ്യൂട്ടി സ്പീക്കറും, പ്രതിപക്ഷ നേതാവും, ചീഫ് വിപ്പും, മന്ത്രിമാരും ഉൾപ്പെടെയുള്ള കേരള നിയമസഭയിലെ അംഗങ്ങളെ ഓരോ സാമ്പത്തിക വർഷവും പുസ്തകങ്ങൾ വാങ്ങലുമായി ബന്ധപ്പെട്ട് വഹിച്ച തുക പരമാവധി പതിനയ്യായിരം രൂപ വരെ മടക്കി കിട്ടുന്നതിന് സാധ്യമാക്കുന്നതിനായി 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് ഭേദഗതി ചെയ്യുവാൻ ബഹുമാനപ്പെട്ട കേരള

നിയമസഭാ സ്പീക്കർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ആ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി 8സി എന്ന വകുപ്പ് ചേർത്തു കൊണ്ട് 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് (1951-ലെ XIV) ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ ആവർത്തന സ്വഭാവത്തോടുകൂടിയ ഗണ്യമായ ഒരു തുക ഇതിന്റെ നടത്തിപ്പിലേക്കായി ചെലവ് വരുന്നതാണ്. പുസ്തകങ്ങൾ വാങ്ങലുമായി ബന്ധപ്പെട്ട് വഹിച്ച തുക മടക്കി കൊടുക്കൽ ആരംഭിക്കുന്നത് വഴി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും പ്രതിവർഷം ഏകദേശം ഇരുപത്തി ഒന്ന് ലക്ഷത്തി പതിനയ്യായിരം രൂപ അധിക ചെലവ് ഉണ്ടാകു മെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം, പുസ്തകങ്ങൾ വാങ്ങുന്നതിനായി അംഗം വഹിച്ച തുക മടക്കിക്കൊടുക്കലിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാര പ്പെടുത്താൻ ഉദ്ദേശിക്കുന്ന 8സി എന്ന ഒരു പുതിയ വകുപ്പ് 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിൽ ചേർക്കുന്നതിന് ഉദ്ദേശിക്കുന്നു.

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതും ആകുന്നു. മാത്രമല്ല, ചട്ടങ്ങൾ ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഉമ്മൻ ചാണ്ടി.

# 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിൽനിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1951-ലെ XIV)

** ** ** **

8ബി. വാഹന വായ്പയും ഭവന നിർമ്മാണ വായ്പയും.—ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരല്ലാതെയുള്ള ഓരോ അംഗത്തിനും അഞ്ച് ലക്ഷം രൂപവരെയുള്ള പലിശരഹിത വാഹന വായ്പയും കുറഞ്ഞ പലിശനിരക്കിൽ പത്ത് ലക്ഷം രൂപവരെയുള്ള ഭവനനിർമ്മാണ വായ്പയും ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

** ** ** **